**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2686** **17-03-2022 - ൽ മറുപടിയ്ക്ക്**

**സൗരോർജ്ജ പ്ലാന്റുകൾക്കുള്ള സബ്സിഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | null<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | അനർട്ട് മുഖേന ഗാർഹിക ആവശ്യങ്ങൾക്ക് സബ്സിഡി നിരക്കിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ടോ; | (എ) | അനെർട്ട് മുഖേന ഗാർഹിക ആവശ്യങ്ങൾക്ക് സബ്സിഡി നിരക്കിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ട്. കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) കെ.എസ്.ഇ.ബി.എൽ. മുഖേന നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്ന പദ്ധതിയാണ് ഇപ്പോൾ നിലവിലുള്ളത്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് 'സൗരതേജസ്സ്' എന്ന പേരിൽ പ്രത്യേക ക്യാമ്പയിൽ അനെർട്ട് നടത്തിവരുന്നു. ഇതുവരെ ഈ പദ്ധതിയിൽ 18 മെഗാവാട്ട് ശേഷിയുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ ലഭിച്ചുകഴിഞ്ഞു. ഗാർഹിക ഉപഭോക്താക്കൾ സ്ഥാപിക്കുന്ന 10 കിലോവാട്ട് വരെ ശേഷിയുള്ള സൗരോർജ്ജ പ്ലാന്റിനാണ് സബ്സിഡി ലഭിക്കുന്നത്. 3 കിലോവാട്ട് വരെ സ്ഥാപിക്കുന്നതിന് എം.എൻ.ആർ.ഇ. നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വിലയുടെ 40 ശതമാനവും 3 കിലോവാട്ടിന് മുകളിൽ 10 കിലോവാട്ട് വരെ ശേഷിയുള്ള പ്ലാന്റിന് ആദ്യ 3 കിലോവാട്ടിന് 40 ശതമാനവും തുടർന്ന് 20 ശതമാനവും നിരക്കിലുമാണ് കേന്ദ്ര സർക്കാർ സബ്സിഡി ലഭിക്കുന്നത്. ഗ്രൂപ്പ് ഹൗസിംഗ് സൊസൈറ്റികൾ, ഫ്ലാറ്റുകൾ എന്നിവയ്ക്ക് പരമാവധി 500 കിലോവാട്ടുവരെ (ഒരു വീട്ടിന് പരമാവധി 10 കിലോവാട്ട് എന്ന കണക്കിൽ) പ്ലാന്റ് സ്ഥാപിക്കുന്നതിന് 20 ശതമാനം സബ്സിഡി ലഭിക്കുന്നതാണ്. |
| (ബി) | അനർട്ട് നിർദ്ദേശിക്കുന്ന ഏജൻസി മുഖേന സ്ഥാപിച്ചാൽ മാത്രമേ സബ്സിഡി ലഭിക്കൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; ഏജൻസികളെ നിശ്ചയിച്ചതിന്റെ മാനദണ്ഡം വിശദമാക്കാമോ; | (ബി) | കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയമാണ് അനെർട്ട് നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ പദ്ധതിയ്ക്ക് സബ്സിഡി നൽകുന്നത്. കേന്ദ്ര നവ- പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ |

| | | | |
|---|---|---|---|
| | | | അനുസരിച്ചാണ് പ്ലാന്റുകൾ സ്ഥാപിക്കേണ്ടത്. സംസ്ഥാനങ്ങളിലെ വൈദ്യുതി വിതരണ കമ്പനികൾ (ഡിസ്കോം) എംപാനൽ ചെയ്ത ഡെവലപ്പർമാർ വഴിയാണ് നിലവിൽ സബ്സിഡി പദ്ധതി പ്രകാരമുള്ള പ്ലാൻറ് സ്ഥാപിക്കേണ്ടത്. സംസ്ഥാനത്ത് കെ.എസ്.ഇ.ബി.എൽ. എംപാനൽ ചെയ്ത ഏജൻസികൾ (ഡെവലപ്പർമാർ) വഴിയാണ് അനെർട്ട് ഈ പദ്ധതി പ്രകാരമുള്ള പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നത്. കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് കെ.എസ്.ഇ.ബി.എൽ. ആണ് ഏജൻസികളെ നിശ്ചയിച്ചിരിക്കുന്നത്. |
| (സി) | വീടുകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന എല്ലാവർക്കും ഏജൻസി നിബന്ധനയില്ലാതെ സബ്സിഡി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം കെ.എസ്.ഇ.ബി.എൽ. എംപാനൽ ചെയ്ത കമ്പനികൾക്ക് മാത്രമേ പുരപ്പുറ സൗരപദ്ധതിയിൽ നിലയങ്ങൾ സ്ഥാപിക്കാൻ കഴിയൂ. എന്നാൽ കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം പുറപ്പെടുവിച്ചിരിക്കുന്ന പുതിയ മാനദണ്ഡങ്ങൾ അനുസരിച്ച് നിലയങ്ങൾ സ്ഥാപിക്കുന്നതിന് ഇഷ്ടമുള്ള കമ്പനികളെ തെരഞ്ഞെടുക്കാവുന്നതാണ്. പുതിയ നിർദ്ദേശങ്ങൾ നിലവിൽ വന്നിട്ടില്ല. അനെർട്ട് വീടുകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നത് കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതി പ്രകാരമാണ്. സംസ്ഥാനങ്ങളിലെ വൈദ്യുതി വിതരണ കമ്പനികൾ (ഡിസ്കോം) എംപാനൽ ചെയ്ത ഏജൻസികൾ (ഡെവലപ്പർമാർ) വഴിയാണ് സബ്സിഡി പദ്ധതി പ്രകാരമുള്ള പ്ലാൻറ് സ്ഥാപിക്കേണ്ടത് എന്നാണ് നിലവിൽ കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശം. വീടുകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന എല്ലാവർക്കും ഏജൻസി നിബന്ധനയില്ലാതെ സബ്സിഡി ലഭ്യമാക്കുന്ന വിഷയത്തിൽ കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചതിനുശേഷം നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ